LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സി.എം.ഡി. ഗ്രണനിലവാര പരിശോധനയ്ക്കായി ടെറാനസ് കമ്പനിയെ തന്നെ ചുമതലപ്പെടുത്തിയോ; എങ്കിൽ ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പ്രവൃത്തികളുടെ ഗ്രണനിലവാരം പരിശോധിക്കാൻ കിഫ്ബി ആക്ടപ്രകാരം സ്ഥാപിതമായ ഇൻസ്പെക്ഷൻ അതോറിറ്റിയുണ്ട്. ഗ്രണനിലവാര പരിശോധനയ്ക്കായി വേറെ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പി.ഡബ്യു.ഡി മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള ഇൻഡിപെൻഡന്റ് ക്വാളിറ്റി ഓഡിറ്റ് നടത്തുന്നതിനായി എസ്.പി.വി.-കൾക്കുവേണ്ടി കേന്ദ്ര പൊതുമേഖല സ്ഥാപനമായ RITES നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മാനന്തവാടി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

50 (1774) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു. ആംബുലൻസ് വാങ്ങിയതുമായി ബന്ധപ്പെട്ട ബിൽതുക വാഹനം നൽകിയ കമ്പനിക്ക് നൽകിയിട്ടുണ്ടോ?

2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു ആംബുലൻസ് വാങ്ങൽ എന്ന പ്രവൃത്തിയുടെ ബിൽതുക വാഹനം നൽകിയ കമ്പനിക്ക് അനുവദിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ അതിന്റെ കാരണവും പ്രസ്തുത ഫയൽ നിലവിൽ എവിടെയാണെന്നും അറിയിക്കാമോ?

ഫണ്ട് അനുവദിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.